ഇതുസംബന്ധിച്ച് എന്താണ് ആഭ്യന്തര വകുപ്പുമന്ത്രിക്ക് പറയാനുള്ളതെന്ന് കേൾക്കാൻ താൽപ്പര്യമുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പാറ്റൂർ ഭൂമികേസ്സുമായി ബന്ധപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, നഗരകാര്യ വകുപ്പുമന്ത്രിയോട് സഭയിൽ ഉന്നയിച്ചത്. ആ കേസ്സുമായി ബന്ധപ്പെട്ട അന്വേഷണം നടത്തിയത് ലോകായുക്തയാണ്. വിജിലൻസ് എ.ഡി.ജി.പി. എന്നുള്ള നിലയിലല്ലാതെ ശ്രീ. ജേക്കബ് തോമസിനോട് ലോകായുക്ത ഈ കേസ് അന്വേഷിക്കാൻ പറയുകയും അതനുസരിച്ച് അന്വേഷിച്ച് റിപ്പോർട്ട് കൊടുക്കുകയുമാണ് ചെയ്തിട്ടുള്ളത്. വിജിലൻസ് അന്വേഷണമല്ല നടന്നത്. പ്രതിപക്ഷ നേതാവ് പറഞ്ഞ ഫയൽ വിജിലൻസ് വകുപ്പിൽ ഉണ്ടോയെന്ന് പരിശോധിക്കാൻ പറഞ്ഞിട്ടുണ്ട്, വിവരങ്ങൾ കിട്ടിയിട്ടില്ല. ലോകായുക്ത ശ്രീ. ജേക്കബ് തോമസിനെ അന്വേഷിക്കാൻ നിയോഗിച്ചതാണ്. അദ്ദേഹം അന്വേഷിച്ച് റിപ്പോർട്ട് കൊടുത്തുവെന്നാണ് മനസ്സിലാക്കുന്നത്. ഫയൽ ഉണ്ടോയെന്ന് പരിശോധിച്ച്, ഉണ്ടെങ്കിൽ അത് പരിശോധിച്ചശേഷം പ്രതിപക്ഷ നേതാവുമായി സംസാരിക്കുന്നതാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ,.....ഇതൊരു പൊതുവിഷയമാണ്.

മി. സ്പീക്കർ: ശ്രദ്ധക്ഷണിക്കൽ കഴിഞ്ഞതിനുശേഷം സബ്മിഷൻ സമയത്ത് ശ്രീ. ചിറ്റയം ഗോപകുമാർ പറഞ്ഞ വിഷയമെടുക്കാം.

IV ശ്രദ്ധ ക്ഷണിക്കൽ

(1) കാർഷിക വിളകൾക്കുള്ള നഷ്ടപരിഹാരത്തുക

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, വയനാട് ജില്ലയിലെ കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളി കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടമാണ്. കൃഷിനാശത്തിനുള്ള പ്രധാന കാരണം അപ്രതീക്ഷിതമായി കാലാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനമാണ്. കാലവർഷം, വേനൽമഴ, വരൾച്ച എന്നിവ മൂലം കർഷകർക്ക് എല്ലാ സീസണിലും കൃഷി നശിക്കുകയാണ്. കഴിഞ്ഞ കാലവർഷത്തിൽ മാത്രം 6079 കർഷകരാണ് കാർഷിക നഷ്ടങ്ങൾക്ക് വിധേയരായത്. ഏകദേശം 11 കോടി രൂപയുടെ നാശനഷ്ടം വയനാട് ജില്ലയിൽ ഉണ്ടെന്ന് സർക്കാരിൽ നിന്നുള്ള കണക്കുകൾ വ്യക്തമാക്കുന്നു. ശരിക്കുമുള്ള നഷ്ടം അതിലും എത്രയോ മടങ്ങാണ്. കാർഷികവൃത്തി ഉപജീവന മാർഗ്ഗമാക്കിയ കർഷകർക്ക് കൃഷിനാശം സംഭവിച്ചാൽ ലഭിക്കുന്ന ആശ്വാസസഹായമാണ് നഷ്ടപരിഹാരമെന്ന പേരിൽ സർക്കാരിൽനിന്നും ലഭിക്കുന്നത്. സർക്കാർ പ്രഖ്യാപിക്കുന്ന നഷ്ടപരിഹാരത്തുക

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യഥാസമയം കർഷകർക്ക് ലഭിക്കാത്തത് ഗൗരവമായി കാണണം. 2013 മുതലുള്ള നഷ്ടപരിഹാരത്തുക കർഷകർക്ക് കുടിശ്ശികയാണ്. ഏകദേശം 22 കോടി രൂപ വയനാട് ജില്ലയിൽ മാത്രം കർഷകർക്ക് ലഭിക്കാനുണ്ട്. കാർഷിക പ്രതിസന്ധിയിൽ കർഷകർ ഏറെ ബുദ്ധിമുട്ടുമ്പോഴാണ് സർക്കാർ പ്രഖ്യാപിച്ച നഷ്ടപരിഹാരത്തുകപോലും കർഷകർക്ക് യഥാസമയം ലഭിക്കാത്തത്. ബാങ്കിൽ നിന്നും വായ്പയെടുത്തും സ്വർണ്ണം പണയപ്പെടുത്തിയും കൃഷി ചെയ്യുന്ന നിരവധി കർഷകരാണ് ഇതുമൂലം ദുരിതത്തിലായിരിക്കുന്നത്. സംസ്ഥാനത്തെ കാർഷിക വികസന നയത്തിൽ 35-ാം നയം പറയുന്നത്, കടക്കെണിയിൽപ്പെട്ട കർഷകരെ അതിൽനിന്നും രക്ഷപ്പെടുത്താനായി ധനകാര്യസ്ഥാപനങ്ങളുടെ സമീപനത്തിൽ ആവശ്യമായ മാറ്റം വരുത്തുകയും പല ധനാഗമ മാർഗ്ഗങ്ങൾ യോജിപ്പിച്ച് കടക്കെണിയിൽപ്പെട്ട കർഷകർക്ക് സമാശ്വാസ വായ്പ നൽകി അവരെ കടം തിരിച്ചടയ്ക്കുന്നതിന് കഴിവുള്ളവരാക്കണമെന്നുമാണ്. എന്നാൽ വയനാട് ജില്ലയിലെ ചില ബാങ്കുകളുടെ സമീപനം കർഷകവിരുദ്ധമാണ്. അതിന് നല്ല ഉദാഹരണം, കേരള ഗ്രാമീൺ ബാങ്കിന്റെ കർഷകരോടുള്ള സമീപനമാണ്. ഒരു കർഷകനെ അറസ്റ്റ് ചെയ്ത് ജയിലിലടച്ച സംഭവം വരെയുണ്ടായി. അതിനാൽ, സർക്കാർ കാർഷിക വികസന നയത്തിൽ രൂപംകൊടുത്തിട്ടുള്ള കർഷക അനുകൂല സമീപനം നടപ്പിൽ വരുത്താനാവശ്യമായ നടപടി സ്വീകരിക്കണം; ആവർത്തിച്ചുണ്ടാകുന്ന കാലവർഷം, വരൾച്ച എന്നിവമൂലം വൻതോതിലുള്ള കൃഷിനാശമാണ് സംഭവിക്കുന്നത്. ഇതുമൂലം കർഷകർക്ക് കൃഷിയിൽ നിന്നുള്ള യാതൊരു ആദായവും ലഭിക്കുന്നില്ല. ഇത്തരത്തിലുള്ള പ്രതികൂല സാഹചര്യങ്ങളെ നേരിടാൻ കാർഷിക വികസന നയത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള അഗ്രികൾച്ചറൽ ക്രെഡിറ്റ് റിലീഫ് ഫണ്ട് ഏർപ്പെടുത്താൻ അടിയന്തരനടപടി സ്വീകരിക്കണം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് സംസ്ഥാനത്താകമാനമുള്ള വളരെ ഗുരുതരമായ ഒരു പ്രശ്നമാണ്. കർഷകരെ സംബന്ധിച്ചിടത്തോളം കാലാവസ്ഥാ വ്യതിയാനമുണ്ടാകുമ്പോഴും കാട്ടാനയുടെയും മറ്റ് വന്യമൃഗങ്ങളുടെയും ആക്രമണമുണ്ടാകുമ്പോഴും കൃഷി നശിക്കുന്നത് വളരെയധികം വേദനാജനകമാണ്. ഇതിന് പ്രതിഫലമായി സർക്കാർ കഴിഞ്ഞ കാലങ്ങളിലൊക്കെ സഹായിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ 2013 മുതൽ 2015 ഒക്ടോബർ മാസം വരെ പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ചതുമൂലം 11,480 കർഷകർക്ക് 22 കോടിയിലധികം രൂപയുടെ നഷ്ടം സംഭവിച്ചതായി കാണുന്നുണ്ട്. നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (എസ്.ഡി.ആർ.എഫ്.)

നിന്ന് 1,04,98,291 രൂപ മാത്രമേ ഇതിലേയ്ക്ക് അനുവദിക്കാൻ കഴിയുകയുള്ളൂ. അതത് കാലത്ത് കേന്ദ്ര സർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങളനുസരിച്ചാണ് എസ്.ഡി.ആർ.എഫ്.ൽ നിന്ന് ധനസഹായം നൽകുന്നത്. എസ്.ഡി.ആർ.എഫ്. മാനദണ്ഡം കേന്ദ്രസർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-1-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം, ഉത്തരവിന്റെ പരിധിയിൽനിന്ന് ധനസഹായം നിശ്ചയിച്ചിരിക്കുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് അതിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ എസ്.ഡി.ആർ.എഫ്. മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-3-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ഉത്തരവുപ്രകാരവും ഇതേത്തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലും മേൽപ്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്ക് ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. ഈ കുറവ് സംബന്ധിച്ച് മന്ത്രിസഭാ യോഗത്തിൽത്തന്നെ വളരെ വിശദമായ ചർച്ച നടക്കുകയും അത് പരിഹരിക്കുന്നതിനാവശ്യമായ തുക 1-4-2015 മുതൽ പ്രാബല്യത്തോടെ കൃഷി വകുപ്പിന്റെ ഫണ്ടിൽനിന്ന് അനുവദിക്കുന്നതിന് ഉത്തരവായിട്ടുമുണ്ട്. ഈ ഉത്തരവുപ്രകാരം എവിടെയൊക്കെയാണ് തുക കൊടുക്കാനുള്ളത് എന്നതിനെക്കുറിച്ച് പഠിച്ചുകൊണ്ട് തക്കതായ പരിഹാര നടപടികളുമായി മുന്നോട്ടുപോകുകയും പ്രതിഫലത്തുക നൽകുന്നതുമാണ്.

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ:</u> സർ, എപ്പോഴും കേന്ദ്രത്തെ ആശ്രയിക്കാതെ നമ്മുടെ കർഷകർക്ക് ഇത്തരത്തിലുള്ള ബുദ്ധിമുട്ട് വരുമ്പോൾ അവർക്ക് നൽകേണ്ട ഫണ്ട് സംസ്ഥാനംതന്നെ കണ്ടെത്തേണ്ടതാണ്. വയനാട് ജില്ലയിൽ കൊടുക്കാനുള്ള രണ്ടരവർഷത്തെ കടിശ്ശിക എപ്പോൾ കൊടുത്തുതീർക്കും; ആകെ 22 കോടി രൂപയുണ്ട്. എന്നാണ് അത് കൊടുത്തുതീർക്കുന്നത്?

<u>ശ്രീ. കെ. പി. മോഹനൻ:</u> സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കാർഷിക നയത്തിൽ പറഞ്ഞിട്ടുള്ള കർഷകർക്കനുകൂലമായ സമീപനം കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകുകയും ഈ സാമ്പത്തിക വർഷത്തിൽ ഫെബ്രുവരി മാസത്തിൽത്തന്നെ 58.18 കോടി രൂപ കേരളത്തിലാകമാനവും 22 കോടി രൂപ വയനാട് ജില്ലയിലും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(2) പി.യു.കെ.സി. റോഡിന്റെയും കോഴിക്കോട്-ബാലുശ്ശേരി റോഡിന്റെയും ശോചനീയാവസ്ഥ

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> സർ, ഈ സഭയിലും നിരവധി തവണ മുഖ്യമന്ത്രിയുടെയും പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയ കോഴിക്കോട് ജില്ലയിലെ റോഡ് വികസനവുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly